പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2601

12/03/2018-ൽ മറുപടി നല്കേണ്ടിയിരുന്നത്.

## വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ വഴി ധനസഹായം

**ചോദ്യം**

ശ്രീ. റോജി എം. ജോൺ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 3 (1) അനുശാസിക്കുന്ന വിധത്തിലുള്ള സ്കൂൾ സംവിധാനം ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എ) ഉണ്ട്.
ഒരു സ്കൂളിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം നൽകണമെന്ന് ചട്ടങ്ങളിലോ, നിയമങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല സർക്കാരിൽ നിക്ഷിപ്തമാണ്. നിശ്ചിത ദൂരപരിധിക്കുള്ളിൽ സ്കൂളില്ലെങ്കിൽ കുട്ടികൾക്ക് തൊട്ടടുത്തുള്ള സ്കൂളുകളിൽ ചേരുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗതാഗത സൗകര്യം ഉറപ്പ് വരുത്തിക്കൊണ്ട് 09-06-2017-ലെ സ.ഉ (സാധാ) നം. 1813/17/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

(ബി) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ വഴി ധനസഹായം ലഭിക്കുന്നുണ്ടോയെന്നും ഏതൊക്കെ കാര്യങ്ങൾക്കാണ് ഇത് വിനിയോഗിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?.

(ബി) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ വഴി ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.
1). സംസ്ഥാനത്തെ 2 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ നൽകുന്നതിന് ധനസഹായം നൽകുന്നു.
2). 2 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ വിഭാഗം പെൺകുട്ടികൾക്കും എസ്.സി, എസ്.റ്റി വിഭാഗത്തിലെ എല്ലാ ആൺകുട്ടികൾക്കും മറ്റു വിഭാഗങ്ങളിലെ ബി.പി.എൽ കുട്ടികൾക്കും രണ്ടു ജോടി യൂണിഫോം

സൗജന്യമായി നൽകുന്നതിനുള്ള പണം നൽകുന്നു.

3). കലാകായിക പ്രവൃത്തി പരിചയ പരിശീലനം കുട്ടികൾക്ക നൽകുന്നതിനായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

4). സ്കൂളിൽ എത്തിപ്പെടാൻ കഴിയാത്ത ദുർഘടമായ പ്രദേശങ്ങളിൽ നിന്നും ഉള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് ഒരു വർഷത്തിൽ ഒരു കുട്ടിക്ക് 3000/- രൂപ ട്രാൻസ്പോർട്ട് അലവൻസായി നൽകുന്നു.

സെക്ഷൻ ഓഫീസർ